# സർവ്വ ശിക്ഷാ അഭിയാൻ കേരളം

**712**

## നിരന്തര മൂല്യനിർണയം - യൂണിറ്റ് ടെസ്റ്റ്

### ചോദ്യ ബാങ്ക്

ക്ലാസ്സ്: VII

വിഷയം: മലയാളം (അടിസ്ഥാന പാഠാവലി)

**മേഖല : 1 - ആത്മകഥാരചന**

1. പണ്ട് സഹ്യപർവ്വതത്തിനു മുകളിലിരുന്ന് കേരളത്തിന്റെ പച്ചപ്പു കണ്ട് സന്തോഷിച്ച ഒരു കല്ല് വളരെ ദൂരം സഞ്ചരിച്ച് അനേകം കാഴ്ചകൾ കണ്ട് ഇന്ന് പുഴയുടെ തീരത്ത് അടിഞ്ഞുകിടക്കുകയാണ്. തിളങ്ങുന്ന ആ കല്ല് ഉണ്ണിക്കുട്ടൻ കൗതുകത്തോടെ കയ്യിലെടുത്ത് പതുക്കെ തലോടി. കല്ല് തന്റെ ജീവിതകഥ പറഞ്ഞുതുടങ്ങി.

   എന്തൊക്കെയായിരിക്കും കല്ല് ഉണ്ണിക്കുട്ടനോട് പറയുക? ആത്മകഥാരൂപത്തിൽ എഴുതുക.

2. ഇന്നത്തെ മത്സരം ഞങ്ങൾക്കു നിർണ്ണായകമാണ്. ഈ മത്സരം തോറ്റാൽപ്പിന്നെ അർജന്റീനയ്ക്ക് നാട്ടിലേയ്ക്കു മടങ്ങുകയേ നിർവ്വാഹമുള്ളൂ. അമിതമായ സമ്മർദ്ദം എന്റെ ടീമിലെ എല്ലാവരെയും ബാധിച്ചിട്ടില്ലേ? പക്ഷേ ഞങ്ങളുടെ പ്രിയപ്പെട്ട കാണികൾ ആവേശത്തിന്റെ കൊടുമുടിയിലാണ്. ഞങ്ങളുടെ ഓരോ മുന്നേറ്റത്തിലും അവർ ഇരമ്പി മറിയുകയാണ്. പെട്ടെന്ന് ക്ലോഡിയോ ഒരു നീണ്ട പാസ്സിലൂടെ ബോൾ എന്റെ കാലിലെത്തിച്ചു. പക്ഷേ ആ സമയം എന്റെ ടീമംഗങ്ങളെല്ലാം പ്രതിരോധത്തിലൂന്നിക്കളിക്കുകയാണ്. എന്തു ചെയ്യാം! ഒപ്പം മുന്നേറാൻ അടുത്തെങ്ങും ആരുമില്ല. പക്ഷേ എനിക്ക് മുന്നേറിയേ പറ്റൂ. ഒറ്റയ്ക്കു മുന്നേറുക തന്നെ. എതിർടീമിലെ ഓരോ കളിക്കാരനെയും വെട്ടിച്ചുകൊണ്ട് അതിവേഗത്തിൽ ഞാൻ ഡ്രിബിൾ ചെയ്ത് മുന്നേറി. ഗാലറിയിലെ ആർപ്പുവിളികൾ ഉച്ചത്തിലായി. ലോകകപ്പിലെ എക്കാലത്തെയും മികച്ച ഒരു ഒറ്റയാൾപ്പോരാട്ടത്തിലൂടെ ഏഴുകളിക്കാരെ കബളിപ്പിച്ച് ഞാനിതാ എതിർ ഗോൾ പോസ്റ്റിനു സമീപമെത്തിയിരിക്കുന്നു! എനിക്ക് എന്നെത്തന്നെ വിശ്വസിക്കാനായില്ല. മുന്നിൽ ഒരു സ്റ്റോപ്പറും എതിർ ഗോളിയും മാത്രം. സ്റ്റോപ്പറുടെ ശാരീരിക ചലനങ്ങളിൽ നിന്ന് അയാൾ എന്റെ നേരേ ചാടി വീഴാൻ സാദ്ധ്യതയുള്ള ആംഗിൾ ഞാൻ മനസ്സിലാക്കി. ഒരു സെക്കൻഡിന്റെ പത്തിലൊരു നിമിഷം

ഒരിക്കൽ കൂടി പന്തു വെട്ടിച്ച് ഞാൻ ഒഴിഞ്ഞുമാറി. ബാലൻസ് തെറ്റി വീഴുന്നതിനുമുമ്പ് പന്ത് പോസ്റ്റിലേയ്ക്ക് തള്ളി. ഗോളിക്ക് എത്തിപ്പിടിക്കാനാകാത്ത അകലത്തിലൂടെ പന്ത് വലയിലേയ്ക്ക് ഉരുണ്ടുകയറി. ഗോൾ! ജനലക്ഷങ്ങൾ ആർത്തുവിളിച്ചു. അവിശ്വസനീയമായ ഗോൾ എന്ന് എതിർടീം അംഗങ്ങളുടെ പോലും മുഖങ്ങൾ വിളിച്ചു പറയുന്നുണ്ടായിരുന്നു. ഞാൻ പെട്ടെന്ന് ഗ്രൗണ്ടിൽ മുട്ടുകുത്തി കൈകൾ ഇരുവശത്തേയ്ക്കും നീട്ടി അങ്ങകലെ ആകാശങ്ങളിലേയ്ക്കു കണ്ണയച്ചു. ഈശ്വരാ! നന്ദി!! നന്ദി!!!

നിങ്ങളുടെ ജീവിതത്തിലും ഏതെങ്കിലുമൊക്കെ കളികളിൽ ഇതുപോലെ ആവേശകരമായി പങ്കെടുത്തിട്ടുണ്ടാവുമല്ലോ. ആ ദിവസത്തെ നിങ്ങളുടെ പ്രവൃത്തികളും ചിന്തകളും ആത്മകഥാരൂപത്തിൽ എഴുതുക.

3. അതിരാവിലെ എഴുന്നേറ്റ് കുളിച്ചൊരുങ്ങി. ഇന്നാണ് കൃഷ്ണന്റെയടുത്തേയ്ക്ക് പോകുന്നത്. ഭാര്യയും എത്രയോ നാളുകളായി നിർബന്ധിക്കുന്നു. പക്ഷേ അദ്ദേഹത്തെ കാണുവാൻ പോകുമ്പോൾ എന്തെങ്കിലും കൊണ്ടു പോകേണ്ടേ? ഇവിടെ എന്തിരിക്കുന്നു! അവസാനം ഭാര്യ എവിടെനിന്നോ കുറച്ച് നെല്ല് സംഘടിപ്പിച്ച് ഇടിച്ച് അവലാക്കിത്തന്നു. കീറി മുഷിഞ്ഞ ഒരു തുണിയിൽ അതു പൊതിഞ്ഞു കക്ഷത്തുവെച്ച് ഇറങ്ങി നടന്നു.....

നല്ല വെയിൽ ! വല്ലാത്ത ക്ഷീണം തോന്നി. നേരം വെളുത്തിട്ട് ഇതുവരെ ഒന്നും കഴിച്ചിട്ടില്ല.....

കുചേലന്റെ ജീവിതത്തിലെ ഒരു ഘട്ടമാണ് ഇവിടെ ആത്മകഥാരൂപത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. തുടർന്ന്, അദ്ദേഹം ശ്രീകൃഷ്ണഭഗവാന്റെ സമീപത്തുനിന്ന് തിരിച്ചു വീട്ടിലെത്തുന്നതുവരെയുള്ള ചിന്തകൾ ആത്മകഥാരൂപത്തിലെഴുതുക.

4. മഴയുടെ ഇരമ്പം കേട്ടുകൊണ്ടാണുണർന്നത്. നോക്കുമ്പോൾ നല്ല മഴ! ഇടിച്ചുകുത്തി പെയ്യുകയാണ് !

പുതച്ചുമൂടിക്കിടക്കാൻ നല്ല സുഖം! ഹയ്യടാ! ഇന്നു സ്ക്കൂൾ തുറക്കുന്ന ദിവസമല്ലേ? എന്തൊക്കെയാണ് അമ്മ വാങ്ങി വെച്ചിരിക്കുന്നത്! പുതിയ ബാഗ്, ഉടുപ്പ്, കുട...... ഹായ്! എന്തൊരു രസമായിരിക്കും!......

നിങ്ങളുടെ ജീവിതത്തിലും ആദ്യ സ്ക്കൂൾ ദിനത്തെക്കുറിച്ചുള്ള ഓർമ്മകൾ ഉണ്ടാവുമല്ലോ. അന്ന് മഴയുണ്ടായിരുന്നോ? പുത്തനുടുപ്പിന്റെ ഗന്ധം നിറയുന്നുണ്ടോ? പ്രവേ

ശനോത്സവ പരിപാടികൾ, കൂട്ടുകാർ, അദ്ധ്യാപകർ അങ്ങനെ എന്തെല്ലാം ഓർമ്മകൾ! നിങ്ങളുടെ വിദ്യാലയജീവിതത്തിലെ ആദ്യദിനങ്ങളെപ്പറ്റി ആത്മകഥാപരമായ ഒരു കുറിപ്പു തയ്യാറാക്കുക.

5. "ണിം ണിം........" ബെൽ മുഴങ്ങി. കുട്ടികൾ ആവേശത്തോടെ പുറത്തേയ്ക്കോടി. മൈതാനം മുഴുവൻ തുള്ളിച്ചാടി നടക്കുന്ന കുട്ടികൾ. പെട്ടെന്നതാ സഡാക്കോ കുഴഞ്ഞുവീഴുന്നു! വേഗം അവളെ വാരിയെടുത്ത് ആശുപത്രിയിലെത്തിച്ചു. മാരകമായ ക്യാൻസർ രോഗം ബാധിച്ചുകഴിഞ്ഞിരുന്നു ആ മിടുക്കിക്ക്. ആശുപത്രിക്കിടക്കയിൽ കിടന്ന് അവൾ പിന്നിട്ട ദിവസങ്ങളെക്കുറിച്ചോർമ്മിച്ചു. സ്ക്കൂളിലെ സന്തോഷകരമായ ദിനങ്ങൾ, കൂട്ടുകാരുടെയും അദ്ധ്യാപകരുടെയും സ്നേഹവാത്സല്യങ്ങൾ, തന്നെ രോഗബാധിതയാക്കിയ ഓഗസ്റ്റ് ആറ് എന്ന കറുത്ത ദിവസം........

സഡാക്കോയുടെ ജീവചരിത്രത്തിൽ നിന്നെടുത്ത ഒരു ഭാഗമാണ് ഇവിടെ കൊടുത്തിട്ടുള്ളത്. ആശുപത്രിക്കിടക്കയിലെ അവളുടെ ചിന്തകൾ ആത്മകഥാരൂപത്തിലേയ്ക്ക് മാറ്റിയെഴുതുക.

## മേഖല: 2 – പത്രവാർത്ത

1. വീണുപോയ കൂട്ടുകാരന്റെ കൈകൾ കോർത്തുപിടിച്ച് ഫിനിഷിംഗ് പോയിന്റിലേയ്ക്കു നടന്നുപോയ ഏതാനും വിദ്യാർത്ഥികളുടെ കഥ മത്സരശ്രുതി എന്ന പാഠഭാഗത്ത് നിങ്ങൾ വായിച്ചല്ലോ. ഹൈദരാബാദ് നാഷണൽ സ്റ്റേഡിയത്തിലെ ആ അസാധധാരണ സംഭവത്തിന്റെ ഒരു പത്രവാർത്ത തയ്യാറാക്കുക.

2. കോട്ടയം ഗവ. യു.പി. സ്കൂളിലെ സമ്പൂർണ്ണകായികക്ഷമതാ പദ്ധതിയുടെ ഉദ്ഘാടന പരിപാടികളുടെ നോട്ടീസ് കാണുക.

ഗവ. യു.പി.എസ്. കോട്ടയം

# സമ്പൂർണ്ണ കായികക്ഷമതാ പരിപാടി

മാന്യരേ,

കോട്ടയം ഗവ. യു.പി. സ്കൂളിലെ സമ്പൂർണ്ണ കായിക ക്ഷമതാപരിപാടിയുടെ ഉദ്ഘാടനം **2011 ജൂലൈ 12–ാം തീയതി ചൊവ്വാഴ്ച രണ്ടു മണിക്ക് സ്കൂൾ ഹാളിൽ** നടക്കുകയാണ്. കുട്ടികൾക്ക് ശാരീരികവും മാനസികവുമായ ഉണർവ്വും ഉന്മേഷവും നൽകി ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുകയെന്ന മഹത്തായ ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഈ ചടങ്ങിലേക്ക് നിങ്ങളുടെ ഏവരുടേയും സാന്നിദ്ധ്യവും സഹകരണവും സാദരം ക്ഷണിച്ചുകൊള്ളുന്നു.

കോട്ടയം,

08–07–2011. രമാദേവി (ഹെഡ്മിസ്ട്രസ്സ്)

## കാര്യപരിപാടി

1. ഈശ്വരപ്രാർത്ഥന
2. സ്വാഗതം : ശ്രീമതി. രമാദേവി (ഹെഡ്മിസ്ട്രസ്സ്)
3. അദ്ധ്യക്ഷപ്രസംഗം : ശ്രീ. പ്രേംശങ്കർ
4. ഉദ്ഘാടനം : ശ്രീ. പി.ജി. സാബു (ജില്ലാ കോ–ഓർഡിനേറ്റർ, സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി.)
5. ആശംസാപ്രസംഗങ്ങൾ
   1. ശ്രീ. റ്റി.ജെ.ജോസ് (പി.ടി.എ പ്രസിഡന്റ്)
   2. ശ്രീമതി. ആശാലത (മാതൃസംഗമം പ്രസിഡന്റ്)
   3. ശ്രീ. ശ്രീകുമാർ (കൺവീനർ, സ്കൂൾ സ്പോർട്സ് ക്ലബ്ബ്)
6. കൃതജ്ഞത : ശ്രീമതി. പി.ജെ.ബിന്ദു (സ്കൂൾ കൺവീനർ, കായിക ക്ഷമതാ പദ്ധതി)

ഈ നോട്ടീസിലെ വിശദാംശങ്ങൾ ഉൾപ്പെടുത്തി പിറ്റേന്ന് വരാനിടയുള്ള ഒരു പത്രവാർത്ത തയ്യാറാക്കുക.

3. അണ്ണാൻകുന്ന് ഗവ. സ്ക്കൂളിൽ രണ്ടു ദിവസമായിട്ടാണ് കായികമേള സംഘടിപ്പിച്ചത്. തികഞ്ഞ അച്ചടക്കത്തോടെ സംഘടിപ്പിക്കപ്പെട്ട ഈ മേളയിലെ വിജയികൾക്കെല്ലാം തന്നെ ആവേശോജ്ജ്വലമായ സ്വീകരണവും നൽകപ്പെട്ടു. സ്കൂളിനും നാടിനാകെത്തന്നെയും ഒരു പുത്തൻ ഉണർവ്വു പകർന്ന ആ മേളയുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് ഒരു പത്ര വാർത്ത തയ്യാറാക്കുക. സ്കൂൾ പാഠ്യപദ്ധതിയിൽ കായികമേളകൾക്കുള്ള പങ്ക്, കായിക പ്രതിഭകൾക്ക് അതിലൂടെ ലഭിക്കുന്ന പ്രോത്സാഹനം തുടങ്ങിയ കാര്യങ്ങളും വാർത്ത യിൽ ഉൾപ്പെടുത്തുവാൻ ശ്രമിക്കുമല്ലോ?

4. 1984 ആഗസ്റ്റ് 8 ന് ലോസ്ആഞ്ചലസ്സിൽ നടന്ന ഒളിംപിക്സ് വനിതാവിഭാഗം 400 മീറ്റർ ഹർഡിൽസിൽ പി.ടി.ഉഷയ്ക്ക് സെക്കന്റിന്റെ നൂറിലൊരംശം വ്യത്യാസത്തിൽ മെഡൽ നഷ്ടമായ സംഭവത്തെ ആസ്പദമാക്കി ഒരു പത്രവാർത്ത തയ്യാറാക്കുക.

5. പി.ടി. ഉഷയുടെ പ്രിയ ശിഷ്യയായ ടിന്റുലൂക്ക ഈയിടെ ഒട്ടേറെ അവിസ്മരണീയ വിജയ ങ്ങൾ നേടി ഏഷ്യയുടെയാകെ അഭിമാനമായി മാറിക്കൊണ്ടിരിക്കുകയാണ്. പരിശീ ലകയെന്ന നിലയിൽ പി.ടി.ഉഷയുടെ പ്രാഗത്ഭ്യത്തിന്റെ തെളിവുകൂടിയാണ് ടിന്റുലൂക്ക. ടിന്റുലൂക്കയുടെ കായികരംഗത്തെ വളർച്ചയെയും ഇന്ത്യയുടെ പ്രതീക്ഷകളെയും വിശക ലനം ചെയ്തുകൊണ്ട് പത്രത്തിലെ കായികപ്പേജിൽ വരാനിടയുള്ള ഒരു പത്രറിപ്പോർട്ട് തയ്യാറാക്കുക.

## മേഖല: 3 – അഭിമുഖ ചോദ്യാവലി

1. ഒരു പ്രദേശത്തിന്റെയാകെ വളർച്ചയ്ക്കു സഹായിക്കുംവിധം ഒരു സ്കൂളിൽ എങ്ങനെ കായിക പരിപാടികൾ സംഘടിപ്പിക്കാമെന്ന് കേരളത്തിനാകെ കാട്ടിത്തന്ന ഉജ്ജ്വലപ്രതിഭാശാലിയാണ് കോരൂത്തോട് സ്കൂളിൽ അദ്ധ്യാപകനായിരുന്ന തോമസ്മാഷ്. അദ്ദേഹവുമായി അഭിമുഖം നടത്തുന്നതിനാവശ്യമായ ആറുചോദ്യങ്ങൾ തയ്യാറാക്കുക. (വ്യക്തിപരമായ ചോദ്യങ്ങൾക്കുപരി കായികലോകവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ തയ്യാറാക്കാൻ ശ്രമിക്കുമല്ലോ)

2. സംസ്ഥാന സ്കൂൾ കായികമേളയിലെ സ്വർണ്ണമെഡൽ ജേതാവ് ആതിരയെ അനുമോദിക്കാനായി ബഹുമാനപ്പെട്ട സംസ്ഥാന സ്പോർട്സ് വകുപ്പ് മന്ത്രി സ്കൂളിലെത്തിയിരിക്കുകയാണ്. പുതിയ ഗവൺമെന്റ് നടപ്പാക്കാനുദ്ദേശിക്കുന്ന പരിപാടികൾ, കായികരംഗത്തെ ദുഷ്പ്രവണതകൾ, പരിഹാരമാർഗ്ഗങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി ഒരു അഭിമുഖ ചോദ്യാവലി (ആറു ചോദ്യങ്ങൾ) തയ്യാറാക്കുക.

3. 2011 ആഗസ്റ്റ് 13 ന് ആലപ്പുഴ പുന്നമടക്കായലിൽ നടന്ന വാശിയേറിയ വള്ളംകളി മത്സരത്തിൽ, പതിനഞ്ചു ജലരാജാക്കന്മാരെ പിന്നിലാക്കി നെഹ്റുട്രോഫി നേടിയത് കൊല്ലം ജീസസ് ബോട്ട് ക്ലബ്ബ് തുഴഞ്ഞ ദേവാസ് ചുണ്ടനാണ്. ആവേശത്താലും ആഹ്ലാദത്താലും മതിമറന്ന ദേവാസ് വള്ളത്തിലെ തുഴച്ചിൽക്കാർ വള്ളത്തിൽ എഴുന്നേറ്റ് നിന്ന് ആർപ്പുവിളിച്ചു. ഒറ്റക്കെട്ടായി അവർ വഞ്ചിപ്പാട്ടുപാടി നൃത്തം ചെയ്തു. മാസങ്ങൾ നീണ്ടു നിന്ന ഏകാഗ്രതയോടെയുള്ള പരിശീലനത്തിന്റെ ഫലമായിരുന്നു ആ വിജയം.

    ദേവാസ് വള്ളത്തിന്റെ ക്യാപ്ടനുമായി നിങ്ങൾ നടത്താനുദ്ദേശിക്കുന്ന അഭിമുഖത്തിനുവേണ്ടി ആറു ചോദ്യങ്ങൾ തയ്യാറാക്കുക.

4. ഇന്ത്യൻ ഫുട്ബോളിന്റെ ഇന്നത്തെ അവസ്ഥ വളരെ ശോചനീയമാണല്ലോ. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളും വിവിധ ഫുട്ബോൾ അസോസിയേഷനുകളും ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും ലോകനിലവാരമുള്ള കളിസ്ഥലങ്ങളുടെ അഭാവം, മികച്ച പരിശീലനം ഇല്ലായ്മ തുടങ്ങിയവയൊക്കെ നമ്മെ വല്ലാതെ അലട്ടുന്നുണ്ട്. ഇന്ത്യൻ

ഫുട്ബോളിന്റെ പ്രശ്നങ്ങളെക്കുറിച്ചും പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചും ഇന്ത്യൻ ഫുട്ബോളിന്റെ കറുത്തമുത്ത് എന്നറിയപ്പെടുന്ന ശ്രീ. ഐ.എം. വിജയനുമായി അഭിമുഖം നടത്തുന്നതിന് ആറുചോദ്യങ്ങൾ തയ്യാറാക്കുക.

5. ഭാരത സർക്കാരിന്റെ ദ്രോണാചാര്യ അവാർഡുനേടിയ മലയാളി കായിക പരിശീലകനാണ് കോച്ച് നമ്പ്യാർ. ശ്രീമതി. പി.ടി.ഉഷയെപ്പോലെ പ്രശസ്തരായ അനേകം ശിഷ്യർ അദ്ദേഹത്തിനുണ്ട്. ഇന്ത്യൻ കായികരംഗത്തിന്റെ വളർച്ചയെയും അതിനായി നാം ഏറ്റെടുക്കേണ്ട കർമ്മപരിപാടികളെയും കുറിച്ച് അദ്ദേഹത്തോടു ചോദിക്കാനായി അഭിമുഖ ചോദ്യാവലി (ആറുചോദ്യങ്ങൾ) തയ്യാറാക്കുക.

**മേഖല: 4 - സന്ദേശം**

1. കായിക കേരളത്തിന്റെ ഏറ്റവും പുതിയ അഭിമാനമാണ് പ്രീജ ശ്രീധരൻ. ദേശീയ ഗെയിംസിൽ പതിനായിരം മീറ്റർ ഓട്ടത്തിൽ നാഷണൽ റെക്കോഡോടെ സ്വർണ്ണം നേടി ഒളിമ്പിക്സിനായി കാത്തിരിക്കുന്ന പ്രീജ ശ്രീധരന് ആശംസകളും അഭിനന്ദനങ്ങളും രേഖപ്പെടുത്തി ഒരു സന്ദേശം തയ്യാറാക്കുക.

2. ഇക്കഴിഞ്ഞ ലോകകപ്പ് ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യയ്ക്ക് ചരിത്രനേട്ടം സമ്മാനിച്ച മഹേന്ദ്രസിംഗ് ധോണി നമുക്കെല്ലാം അഭിമാനമാണ്. ഇന്ത്യയ്ക്ക് ഒട്ടേറെ വിജയങ്ങൾ നേടിത്തന്ന ധോണിയെയും ടീമിനെയും അഭിനന്ദിച്ചുകൊണ്ട് ഒരു സന്ദേശം തയ്യാറാക്കുക.

3. തലപ്പന്തുകളി, കിളിത്തട്ടുകളി, കുടുകുടുകളി തുടങ്ങിയ നാടൻ കളികൾ പലതും അന്യം നിന്നു പൊയ്ക്കൊണ്ടിരിക്കുകയാണല്ലോ? മാനസികവും ശാരീരികവുമായ ദൃഢതയും ശക്തിയും നൽകി ജീവിതവളർച്ചയ്ക്കു സഹായിക്കുന്ന ഇത്തരം കളികളെ പ്രോത്സാഹിപ്പിക്കുന്ന അനവധി ക്ലബ്ബുകൾ കേരളത്തിലുണ്ട്. അതിൽ കോടുകുന്നിലെ നളന്ദാക്ലബ്ബിന്റെ മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് സർക്കാർ അംഗീകാരം നൽകുകയുണ്ടായി. ക്ലബ്ബിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചുകൊണ്ട് ഒരു സന്ദേശം തയ്യാറാക്കുക.

4. 2010 ൽ നടന്ന സംസ്ഥാന കായികമേളയിൽ കോടുതുരുത്തി വിദ്യാഭ്യാസജില്ലയിലെ പി.കെ.അനന്ദുവിനെ മികച്ച കായികപ്രതിഭയായി തെരഞ്ഞെടുക്കുകയുണ്ടായി. അനന്ദുവിനെ അഭിനന്ദിച്ചു കൊണ്ട് ഒരു സന്ദേശം തയ്യാറാക്കുക.

5. വിദ്യാരംഗം കലാസാഹിത്യവേദി ഉപജില്ലാതലത്തിൽ സംഘടിപ്പിച്ച വഞ്ചിപ്പാട്ടുമത്സരത്തിൽ ഒന്നാം സമ്മാനം നേടിയ ടീമിനെ അനുമോദിച്ചുകൊണ്ട് ഒരു സന്ദേശം തയ്യാറാക്കുക.

## മേഖല : 5 – ജീവചരിത്രക്കുറിപ്പ്

1. വിഖ്യാത ഫുട്ബോൾ മാന്ത്രികനായ പെലെയുടെ ഒരു ലഘുജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക. താഴെപ്പറയുന്ന വിവരങ്ങൾ ഉൾപ്പെടുത്താൻ ശ്രമിക്കുമല്ലോ?

- ❖ ജനനം : ട്രെഡ കൊറാ ആസ് എന്ന കൊച്ചുപട്ടണത്തിൽ, 1940 ഒക്ടോബർ 23 ന്
- ❖ പേര് : ഹെഡ്സൺ അരാന്റസ് ഡോ നാസിമെന്റോ
- ❖ ചെല്ലപ്പേര് : ആദ്യം ഡിക്കോ പിന്നീട് പെലെ
- ❖ കുടുംബം : അച്ഛൻ, അമ്മ, അനിയൻ, അനിയത്തി
- ❖ ഏറ്റവും വലിയ സ്വപ്നം : ഒരു ജോടി ഷൂസും ഒരു ഫുട്ബോളും
- ❖ ആഹാരത്തിനുവേണ്ടി തെരുവുകളിൽ കടലവിറ്റു നടന്നു.
- ❖ 1958, 1962, 1970 ലോകകപ്പ് കളിയിൽ ബ്രസീലിന് കിരീടം.

2. കുചേലവൃത്തം വഞ്ചിപ്പാട്ട് എന്ന ഒറ്റകൃതികൊണ്ടു തന്നെ മലയാളസാഹിത്യത്തിൽ ചിരപ്രതിഷ്ഠനേടിയ രാമപുരത്തുവാര്യരുടെ ലഘുജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.



3. ഒരു സാധാരണ കേരളീയ ഗ്രാമത്തിൽ നിന്നു കായികലോകത്തിന്റെ നെറുകയിലെത്തിയ പി.ടി.ഉഷയെക്കുറിച്ച് ഒരു ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

<u>പി.ടി.ഉഷ</u>

❖ പിലാവുള്ളക്കണ്ടി തെക്കേപ്പറമ്പിൽ ഉഷ.

❖ പത്മശ്രീ ബഹുമതി, അർജ്ജുന അവാർഡ്, ദേശീയ റിക്കാർഡ്, ഏറ്റവും നല്ല കായികതാരത്തിനുള്ള ഇന്ത്യാ സർക്കാരിന്റെ പുരസ്ക്കാരം (അഞ്ചുതവണ) ലഭിച്ചു. ഏഷ്യൻ ഗയിംസിൽ ഏറ്റവും മികച്ച കായികതാരത്തിനുള്ള ആഡിഡാസ് ഗോൾഡൻ ഷൂ, ഏഷ്യൻ ഗയിംസിലും എഷ്യൻ ചാമ്പ്യൻഷിപ്പിലുമായി 13 സ്വർണ്ണമടക്കം 33 മെഡലുകൾ സ്വന്തമാക്കി.

❖ കോഴിക്കോട് ജില്ലയിലെ പയ്യോളിയിൽ 1967 ൽ ജനനം.

❖ വിദ്യാഭ്യാസം തൃക്കോട്ടൂർ സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ സ്കൂൾ

❖ അച്ഛൻ - പൈതൽ, അമ്മ - ലക്ഷ്മി

4. **സൂചനകൾ ഉപയോഗപ്പെടുത്തി ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.**

അച്ഛൻ : രമേഷ് തെൻഡുൽക്കർ (മറാട്ടി കവി)
അമ്മ : രജനി

1973 ഏപ്രിൽ 24
മുംബൈ

**സച്ചിൻ രമേശ് തെൻഡൂൽക്കർ**

കോച്ച് : രമാകാന്ത് അച്രേക്കർ

1989 നവംബർ 25 ന് അരങ്ങേറ്റം (പാക്കിസ്ഥാനെതിരെ)

ടെസ്റ്റിലും ഏകദിനത്തിലും കൂടുതൽ റൺസ് കൂടുതൽ സെഞ്ചറികൾ

5. ജീവചരിത്രക്കുറിപ്പ് - ഇന്ദിരാഗാന്ധി

ജവഹർലാൽ നെഹ്റു -
കമലാ നെഹ്റു

ഭർത്താവ് -
ഫിറോസ് ഗാന്ധി

1917 നവംബർ 19

കോൺഗ്രസ്സ് പ്രസിഡന്റ്,
പ്രധാനമന്ത്രി

**ഇന്ദിരാഗാന്ധി**

സൈലന്റ്‌വാലിക്കാടുകൾ
സംരക്ഷിച്ച് ഉത്തരവ്
ഇറക്കി

1984 ഒക്ടോബർ 31

1971 പാക്കിസ്ഥാനെതിരെ
വിജയം

മക്കൾ - സഞ്ജയ് ഗാന്ധി,
രാജീവ് ഗാന്ധി

കായിക പ്രേമി

1982 ഡെൽഹി ഏഷ്യാഡ്

മുകളിൽ കൊടുത്തിരിക്കുന്ന സൂചനകൾ ഉപയോഗപ്പെടുത്തി ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

# സർവ്വ ശിക്ഷാ അഭിയാൻ കേരളം

## നിരന്തര മൂല്യനിർണയം - യൂണിറ്റ് ടെസ്റ്റ്

### ഗ്രേഡിംഗ് സൂചകങ്ങൾ

ക്ലാസ്സ്: VII                                             വിഷയം: മലയാളം

കേരളപാഠാവലി

**1. ആത്മകഥാരചന**

- ○ സംഭവങ്ങളുടെ സമഗ്രത വെളിപ്പെടുന്നു്. വ്യക്തിയുടെ ജീവിതത്തിലെ സംഭവങ്ങൾ അനുക്രമമായും ആകർഷകമായും അവതരിപ്പിച്ചിട്ടു്.
- ○ ആത്മനിഷ്ഠമായ ഭാഷ (സ്വന്തം ജീവിതത്തിലെ സംഭവങ്ങൾ ഏറ്റവും ആകർഷക മായി വൈകാരികതയോടെ അവതരിപ്പിച്ചിട്ടു്)
- ○ ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടു് (വാക്യങ്ങൾ പരസ്പരം പൊരുത്ത പ്പെടുന്ന രീതിയിൽ ഭാവതീവ്രമായി ഖണ്ഡികാകരണം ചെയ്ത് അവതരിപ്പിച്ചിട്ടു്.
- ○ ഉചിതമായ ശീർഷകം (ആത്മകഥയിലെ ആശയങ്ങൾ ഉൾക്കൊ് ഏറ്റവും ആകർഷകമായി ശീർഷകം നൽകിയിട്ടു്.

**2. പത്രവാർത്ത**

- ○ ഉള്ളടക്കത്തിന്റെ സാരാംശവും ഊന്നലും സൂചിപ്പിക്കുന്നതും അതിലേക്കു ശ്രദ്ധയാ കർഷിക്കുന്നതുമായ ശീർഷകം
- ○ സംഭവത്തിന്റെ / പ്രശ്നത്തിന്റെ കാതലായ ഭാഗങ്ങളിൽ തുടങ്ങി വിശദാംശങ്ങളിൽ അവസാനിക്കുന്ന ഘടന.
- ○ വസ്തുനിഷ്ഠമായ പ്രതിപാദന രീതി.

**3. അഭിമുഖചോദ്യാവലി**

- ○ വിവരശേഖരണത്തിനനുയോജ്യമായ ചോദ്യങ്ങൾ
- ○ ചോദ്യങ്ങളുടെ ക്രമാനുഗത വികാസം, തുടർച്ച
- ○ ലാളിത്യവും ആശയവ്യക്തതയും.

**4. സന്ദേശം**

- ○ പ്രശ്നം/ഉദ്ദേശ്യം മനസ്സിൽ തട്ടാൻ പര്യാപത്മായ വാക്യങ്ങൾ (സന്ദേശവിനിമയശേഷി)
- ○ ആശയവ്യക്തത, പൂർണ്ണത
- ○ താളാത്മകമായ പദവിന്യാസം

## 5. ജീവചരിത്രക്കുറിപ്പ്

- ○ പ്രസക്തമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ട് (വ്യക്തിയുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങളും മൂഹൂർത്തങ്ങളും ഉാവണം. വിവിധ പ്രശ്നങ്ങളോടുള്ള വ്യക്തിയുടെ നിലപാടുകൾ വ്യക്തമാക്കണം. വ്യക്തിയുടെ സ്വഭാവ സവിശേഷതകൾ ആവിഷ്ക്കരിക്കണം)

- ○ വസ്തുനിഷ്ഠമായ രചനാ രീതി ( വ്യക്തിയുടെ ജീവിതത്തിലെ സംഭവങ്ങൾ അനുക്രമമായും ആകർഷകമായും വസ്തുനിഷ്ഠമായി അവതരിപ്പിക്കണം.)
- ○ ആശയ ക്രമീകരണം ( ആശയങ്ങൾ പരസ്പരബന്ധിതമായി കാലാനുക്രമമായി അവതരിപ്പിക്കണം.)